കണ്ടനാട് ശാഖ

കണ്ടനാട് കരോട്ടുവീട്ടിൽ

“കണ്ടൽ നാട്

നൂറ്റാണ്ടുകൾക്കു മുൻപ് കണ്ടൽ വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞിരുന്ന കണ്ടനാട് സമൃദ്ധിയുടെ കേദാരമായിരുന്നു. ആഴ്ചയിൽ ഒൻപതിനായിരം പൂവരാഹൻ നികുതി പിരിഞ്ഞിരുന്ന ഈ കച്ചവടകേന്ദ്രം പിടിച്ചടക്കുക എന്നത് ഏതൊരു നാടുവാഴിയുടെയും ചിരകാല സ്വപ്നമായിരുന്നു.

മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുവിതാംകൂർ വിപുലീകരിച്ച സമയത്ത് രാമയ്യൻ ദളവ ഇവിടെ എത്തി ഗ്രാമവാസികൾക്ക് കീഴടങ്ങു വാനുള്ള മുന്നറിയിപ്പു നൽകി. എന്നാൽ പടയെത്തുമ്പോഴേക്കും നാട്ടുകാർ കഴിയുന്നത് വസ്തുവകകളുമായി പ്രാണരക്ഷാർത്ഥം പലയാനം ചെയ്തു കഴിഞ്ഞിരുന്നു. പിൽക്കാലത്ത് അദ്ദേഹം തിരുവിതാംകൂറിൽ നിന്ന് കുടിയേറ്റി പാർപ്പിച്ചവരുടെ പിൻഗാമികളാണ് ഇപ്പോഴത്തെ ഗ്രാമവാസികൾ എന്ന് കരുതപ്പെടുന്നു.

വേരുകളിലേക്ക്

മാർത്തോമ്മാ ശ്ലീഹായുടെ ആഗമനകാലത്ത് ക്രിസ്തുമതം നവീകരിച്ച "വാവരുമന', 'പകലോമറ്റം' എന്നീ ബ്രാഹ്മണകുടുംബങ്ങളിൽ ഒന്നാണ് പിന്നീട് കരോട്ടു വീടന്മാരായത് എന്നൊരു ഐതിഹ്യമുണ്ട്. മറ്റൊരു രസികൻ കഥ ഇതാ.

കരോട്ടു വീട്ടിലെ മൂല കുടുംബം ഒരു രാജകൊട്ടാരത്തിന് സമീപത്താ യിരുന്നു. ഒരുനാൾ രാജനഗര വീഥിയിലൂടെ എഴുന്നള്ളുമ്പോൾ അതിസുന്ദരി യായ ഒരു തരുണിയെ കണ്ടു മോഹിച്ചു. അവളെ കൊട്ടാരത്തിലേക്ക് വരുത്തു വാനായി അയയ്ക്കപ്പെട്ട രാജകിങ്കരന്മാർക്കാകട്ടെ നിരാശയോടെ മടങ്ങേണ്ടി വന്നു. ആ സ്ത്രീ ഒരു വിധവയാണെന്നും വരാൻ വിസമ്മതിച്ചു എന്നും അവർ രാജാവിനെ ധരിപ്പിച്ചു. വിഷണ്ണനായ രാജാവ് ഒടുവിൽ ഒരു മന്ത്രവാദിയുടെ സഹായം തേടി. ആ സ്ത്രീയുടെ ഒരു തലമുടിനാര് കൈക്കലാക്കി മന്ത്രവാദം ചെയ്താൽ സ്വമേധയാ അവൾ കൊട്ടാരത്തിൽ എത്തുമെന്നായിരുന്നു